# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *188 — 09-12-2014ൽ മറുപടിക്ക്

### വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, കെ.കെ.ജയചന്ദ്രൻ<br>,, സി.കെ.സദാശിവൻ<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉത്തരവുകളുമായി ബന്ധപ്പെട്ട് ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;; | (എ) ഉണ്ട്.<br><br>വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ പരിഗണി-ക്കാതിരുന്ന ജീവനക്കാർക്ക് നല്കുന്ന ക്ഷാമബത്ത, ശമ്പള പരിഷ്ക്കരണ-ത്തിനുള്ള തുക, സെൻട്രൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ലാഭവിഹിതം എന്നിവ കൂടി പരിഗണിച്ച് മാറ്റം വരുത്തണമെന്നാണ് അപ്പലേറ്റ് ട്രിബ്യൂണൽ ഉത്തരവ്. |
| (ബി) ട്രിബ്യൂണൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി ഉപഭോക്താക്കൾ കൂടുതൽ തുക വൈദ്യുതി ബോർഡിന് നൽകേണ്ട സാഹചര്യം ഉണ്ടാകുമോ; ഉണ്ടാകുന്ന വർദ്ധന സംബന്ധിച്ച് വിശദമാക്കാമോ; | (ബി) അപ്പലേറ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി-യാൽ താരിഫ് വർദ്ധനവ് ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഈ ഉത്തരവ് സംബന്ധിച്ച് ചില സ്പഷ്ടീകരണം തേടിക്കൊണ്ട് ഒരു റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. റിവ്യൂ പെറ്റീഷനിൽ അപ്പലേറ്റ് ട്രിബ്യൂണൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ |

| | |
|---|---|
| | താരിഫിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകുമോയെന്ന് നിശ്ചയിക്കാനാവൂ. |
| (സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | (സി) 2003 ലെ വൈദ്യുതി നിയമപ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ സ്വയംഭരണാധികാരമുള്ള ക്വാസി ജുഡീഷ്യൽ ബോഡിയാണ്. പ്രസ്തുത കമ്മീഷന്റെ നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന ഗവൺമെന്റിന് യാതൊരധികാരവുമില്ല. എന്നിരുന്നാലും ഇത്തരം ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സമൂഹത്തിലെ ഏതെങ്കിലും വിഭാഗത്തിന് ആശ്വാസം നല്കേണ്ടതുണ്ടെങ്കിൽ Indian Electricity Act 2003 ന്റെ സെക്ഷൻ 65 പ്രകാരം സർക്കാരിന് നടപടി എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ